## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1408**

**11.08.2017 - ൽ**
**മറുപടിയ്ക്ക്**

### അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ

| **ചോദ്യം**<br>**ശ്രീ.ബി.ഡി.ദേവസ്സി** | **മറുപടി**<br>**ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| **എ)** ചാലക്കുടിയിലെ അഗ്രോണമിക് റിസർച്ച് സ്റ്റേഷന്റെ നവീകരണത്തിനും വികസനത്തിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | **എ)** ഉണ്ട്. 10.34 ലക്ഷം രൂപ ചെലവിൽ ജലസംരക്ഷണ - സംഭരണ പ്രവർത്തനങ്ങൾ 2015-16, 2016-17 കാലയളവിൽ ചാലക്കുടി അഗ്രോണമിക് റിസർച്ച് സ്റ്റേഷനിൽ നടപ്പിലാക്കിയിരുന്നു. കൂടാതെ കാർഷിക സർവ്വകലാശാല ഗവേഷണ കേന്ദ്രങ്ങളുടെയും അനുബന്ധ ഫാമുകളുടെയും വികസനത്തിനായി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികളെല്ലാം തന്നെ ചാലക്കുടി അഗ്രോണമിക് റിസർച്ച് സ്റ്റേഷനും ബാധകമാണ്. |
| **ബി)** ഈ സ്ഥാപനം ഉല്പാദിപ്പിക്കുന്ന വിത്തുകൾ സൂക്ഷിക്കുന്നതിനാവശ്യമായ ഒരു "സീഡ് സ്റ്റോർ" അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | **ബി)** ആധുനിക രീതിയിലുള്ള ഒരു "സീഡ് സ്റ്റോർ" നിർമ്മിക്കുന്നതിനായി 30 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള ഒരു പ്രൊപ്പോസൽ അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ മേധാവി തയ്യാറാക്കിയിട്ടുണ്ട്. കാർഷിക സർവ്വകലാശാല ഇതിനാവശ്യമായ തുക എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**